വിപണനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എഫ്.പി-യുടെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

സുനാമി അടിയന്തിര സഹായ പദ്ധതി മുഖേനയാണ് സീ ഫുഡ് കിച്ചൺ പദ്ധതിക്ക് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീ ഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പ്രയാസമാണ്. എന്നാൽ "തീരമൈത്രി" മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണത്തോടെ ഏതെങ്കിലും പദ്ധതികൾക്ക് സഹായം ആവശ്യമെന്ന് കണ്ടാൽ ഫിഷറീസ് വകുപ്പിന്റെ 2010-11 ലെ ബഡ്ജറ്റിലെ തീര മൈത്രി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്.

ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ

17 (*647) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശം വ്യക്തമാക്കുമോ ; പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) റോഡ് വികസനത്തിനായി എത്ര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ വികസനം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുന്നതിന് 52 കോടി (അൻപത്തിരണ്ടു കോടി) രൂപയ്ക്കുള്ള പദ്ധതി നടപ്പാക്കാനാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചത് (2009-10).17-7-2009-ലെ സ.ഉ.(സാധ).നം 5142/2009/ടൂറിസം, 9-12-2009-ലെ സ.ഉ.(സാധ)നം.8652/2009/ടൂറിസം എന്നിവ പ്രകാരം 20-റോഡുകളുടെ പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) 857-ലക്ഷം (എണ്ണൂറ്റി അൻപത്തിയേഴുലക്ഷം)രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമേ പൊതുമരാമത്ത് വകുപ്പുവഴിയും ടൂറിസം റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തി വരുന്നു.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം

18 (*648) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം നടപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിരുന്നുവോ ;

(ബി) 2009-2010 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പൈതൃക വികസന സംരംഭങ്ങൾ നടത്താനായി എന്നറിയിക്കുമോ ;

(സി) കോട്ടപ്പുറം, പറവൂർ, ചേന്ദമംഗലം ചന്തകളുടെ പൈതൃക വികസന പരിപാടിയിൻകീഴിൽ ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ടിൽ നിന്നും എന്തു തുക ചെലവായി ;

(ഇ) ഈ വർഷം പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ പൈതൃക വികസന പരിപാടികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(എഫ്) ഇതിനായി ഈ വർഷം എന്തു തുക പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ & ബി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി പ്രമുഖ വ്യാപാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നുണ്ട്. അപ്രകാരം മുസിരിസ് പൈതൃക വികസന പദ്ധതിക്കായി തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് കോട്ടപ്പുറം ചന്തയുടെ വാട്ടർ ഫ്രണ്ട് ഏര്യാ വികസനത്തിനായി 2,69,30,000 രൂപയും (രണ്ടു കോടി അറുപത്തി ഒൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ) കോട്ടപ്പുറം മാർക്കറ്റിലെ നടപ്പാത, ഡ്രൈവ് വേ എന്നിവയുടെ വികസനത്തിനായി 2,17,50,000 രൂപയും (രണ്ടു കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly